## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 3009

10/05/2017-ൽ മറുപടിയ്ക്ക്.

## പുതുതായി കോടതികൾ അനുവദിക്കുന്നതിന് നടപടി

**ചോദ്യം**
**ശ്രീ.ബി.ഡി.ദേവസ്സി**

**മറുപടി**
**ശ്രീ.പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതുതായി കോടതികൾ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ.ഉ.(കൈ) നം.79/2016/ആഭ്യന്തരം തീയതി 02/03/2016 പ്രകാരം കോടതി രൂപീകരണവുമായി ബന്ധപ്പെട്ട് പരിഷ്കരിച്ച മുൻഗണനാ പട്ടിക നിലവിലുണ്ട്. അതിൻ പ്രകാരം കോടതിയുടെ മുൻഗണനാ ക്രമമനുസരിച്ചായിരിക്കും കോടതികൾ രൂപീകരിക്കുന്നത്. |
| (ബി) | ചാലക്കുടിയിൽ സബ്കോടതിയും എം.എ.സി.റ്റി. കോടതിയും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ചാലക്കുടിയിൽ സബ്കോടതി രൂപീകരിക്കുന്നതിനുള്ള ശുപാർശ നിലവിലില്ല. സ.ഉ.(സാധാ) നം.1159/2012/ആഭ്യന്തരം തീയതി 17/04/2012 പ്രകാരമുള്ള എം.എ.സി.റ്റി കോടതികളുടെ രൂപീകരണ ലിസ്റ്റിൽ നാലാമതായി ചാലക്കുടി (തൃശ്ശൂർ) എം.എ.സി.റ്റി ഉൾപ്പെടുത്തിയിട്ടുണ്ട്. ചാലക്കുടിയിൽ (തൃശ്ശൂർ) എം.എ.സി.റ്റി പ്രവർത്തനം ആരംഭിക്കണമെന്ന ഹൈക്കോടതി രജിസ്ട്രാറുടെ ആവശ്യം സർക്കാർ പരിശോധിക്കുകയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ട് ആയത് നിരാകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ചാലക്കുടിയിൽ അനുവദിച്ചിട്ടുള്ള കോർട്ട് കോംപ്ലക്സ് നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ? | (സി) | ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും സ്ഥല ലഭ്യത, നിർമ്മാണം നടത്തുന്നതിനുള്ള നീതികരണം തുടങ്ങിയവയുടെ റിപ്പോർട്ട് ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. |

**സെക്ഷൻ ഓഫീസർ**